**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6667** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാത്ത പ്രഥമാദ്ധ്യാപകർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാത്ത 50 വയസ്സ് കഴിഞ്ഞ എയ്ഡഡ് എൽ.പി./യു.പി. പ്രഥമാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ(ജെ) വകുപ്പിന്റെ 27.11.2022-ലെ ജെ1/01/21 സർക്കുലർ പ്രകാരം പ്രഥമാദ്ധ്യാപക തസ്തികയിൽ അംഗീകാരം നൽകുന്നുണ്ടെങ്കിലും പ്രസ്തുത അംഗീകാരം ലഭിച്ച പ്രഥമാദ്ധ്യാപകർക്ക് ആയതിന്റെ സാമ്പത്തിക ആനുകൂല്യവും ശമ്പളസ്കെയിലും അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 27.11.2022-ലെ ജെ1/01/21 സർക്കുലർ പ്രകാരം പ്രഥമാധ്യാപക തസ്തികയിൽ അംഗീകാരം ലഭിച്ച പ്രഥമാധ്യാപകർക്ക് സാമ്പത്തിക ആനുകൂല്യവും ശമ്പള സ്കെയിലും അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര എയ്ഡഡ് സ്കൂൾ എൽ.പി./യു.പി. പ്രഥമാദ്ധ്യാപകർ ഈ ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം - 13<br><br>കൊല്ലം - 25<br><br>പത്തനംതിട്ട - 85<br><br>ആലപ്പുഴ - 37<br><br>ഇടുക്കി - 14<br><br>കോട്ടയം - 137<br><br>എറണാകുളം - 37<br><br>തൃശ്ശൂർ - 44<br><br>പാലക്കാട് - 38<br><br>കോഴിക്കോട് - 77<br><br>മലപ്പുറം - 102<br><br>കണ്ണൂർ - 48<br><br>കാസർഗോഡ് - 27<br><br>വയനാട് – വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ(ജെ) വകുപ്പിന്റെ 27.12.2022-ലെ ജെ1/01/21 സർക്കുലർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും ശമ്പളസ്കെയിലും നിഷേധിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (സി) | കണ്ണൂർ ജില്ല - 6<br><br>വയനാട് ജില്ല – വിവരം ശേഖരിച്ചു വരുന്നു.<br><br>മറ്റ് ജില്ലകളിൽ നിഷേധിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത എയ്ഡഡ് സ്കൂൾ പ്രഥമാദ്ധ്യാപകരിൽ സാമ്പത്തിക ആനുകൂല്യങ്ങളും ശമ്പളസ്കെയിലും നാളിതുവരെ ലഭ്യമാകാത്തവർക്കായി വ്യക്തതയുള്ള ഉത്തരവ് നൽകുമോ; വിശദാംശം അറിയിക്കുമോ? | (ഡി) | ഓരോ കേസും പ്രത്യേകമായി പരിശോധിച്ചു മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ